LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (*ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ*): സർ, പെരിങ്ങളം നിയോജകമണ്ഡലത്തിലെ ഈ പദ്ധതിയിൽ സോൺ ഒന്നിൽ രണ്ടു കിണറുകളും ഒരു കുഴൽക്കിണറും ഒരു ഓപ്പൺ വെല്ലും, സോൺ രണ്ടിൽ ഒരു കിണറും ഉണ്ട്. ഇതിൽ സോൺ ഒന്നിലുള്ള കുഴൽക്കിണറിൽ നിന്ന് പമ്പ് ചെയ്യാൻ സമീപവാസികൾ സമ്മതിക്കുന്നില്ല. മേൽക്കാര്യം പഞ്ചായത്ത് അധികൃതരെ അറിയിക്കുകയും പരിഹാരം ഉണ്ടാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ പഞ്ചായത്ത് അധികൃതർ പ്രശ്നം പരിഹരിച്ചതായി അറിയിച്ചിട്ടില്ല. സോൺ ഒന്നിലെ ഓപ്പൺ വെല്ലിൽ നിന്നും കൂടുതൽ വെള്ളം പമ്പ് ചെയ്യാൻ ജനങ്ങൾ സമ്മതിക്കാത്തതിനാലും സ്രോതസ് അപര്യാപ്തമായതിനാലും ഈ സോണിൽ ആറ് ടാപ്പുകളിൽക്കൂടി മാത്രമേ വെള്ളം കൊടുക്കാൻ സാധിക്കുന്നുള്ളൂ. സോൺ രണ്ടിലുള്ള കിണറിലും ജലത്തിന്റെ ലഭ്യതക്കുറവുണ്ട്. ഗുണനിലവാരമുള്ള പൈപ്പുകളാണ് പദ്ധതിക്കുവേണ്ടി ഉപയോഗിക്കുന്നതെന്നാണ് ഡിപ്പാർട്ടുമെന്റിൽ നിന്ന് അറിയിച്ചിട്ടുള്ളത്. എന്നാൽ റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ ചെയ്യുമ്പോഴും കേബിളിന്റെ പണികൾ നടക്കുമ്പോഴും പൈപ്പുകൾക്ക് അങ്ങിങ്ങ് കേടുപാടുകൾ സംഭവിക്കാറുണ്ട്. ധാരാളം ജലലഭ്യതയുള്ള സോൺ ഒന്നിലെ കുഴൽ കിണറ്റിൽ നിന്ന് ജലം പമ്പ് ചെയ്യുന്നതിനുള്ള തടസ്സം ഒഴിവാക്കി പൂർണ്ണമായി ജലവിതരണം നടത്താൻ കഴിയുന്നതാണ്.

ശ്രീ. കെ. പി. മോഹനൻ: ക്രമക്കേടുകളെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എനിക്ക് ഇവിടെനിന്നാൽ ഫാൻ ഇരിക്കുന്നതുകൊണ്ട് അദ്ദേഹത്തിന്റെ മുഖം കാണാൻ സാധിക്കില്ല. ഇക്കൂട്ടത്തിൽ ക്രമക്കേടിനെക്കുറിച്ച് പറഞ്ഞിട്ടുള്ളത് അദ്ദേഹം എഴുതിത്തന്നാൽ നിശ്ചയമായും ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

(12) കൊടുവള്ളി നിയോജകമണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം

ശ്രീ. സി. മമ്മൂട്ടി: സർ, വളരെക്കാലമായി എന്റെ നിയോജകമണ്ഡലത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതമാണ് വോൾട്ടേജ് ക്ഷാമവും അതു പോലെ വൈദ്യുതി വിതരണരംഗത്തെ തകരാറുകളും. ഈ പ്രശ്നം പരിഹരിക്കാൻ വേണ്ടി 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം ഇലക്ട്രിസിറ്റി ബോർഡിന് മുമ്പിൽ സമർപ്പിച്ചു. അത് ഗവണ്മെന്റിന്റെ പരിഗണനയിലാണ്. എത്രയും പെട്ടെന്ന് 110 കെ. വി. സബ്സ്റ്റേഷൻ അനുവദിച്ച് അങ്ങയുടെ കാലത്തുതന്നെ അത് ഉദ്ഘാടനം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർതറിക്കുന്നു.

11.00 A. M.]

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*: സർ, 110 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കാനുള്ള നടപടി ഗവണ്മെന്റ് എടുത്തു കഴിഞ്ഞു. ഒരു വർഷംകൊണ്ട് ഈ പറയുന്ന സ്ഥലത്ത് 110 കെ. വി. സബ്സ്റ്റേഷൻ സ്ഥാപിക്കും. നേരത്തേയുണ്ടായിരുന്ന ഉദ്ദേശ്യം 110 കെ. വി. വേണ്ട 33 കെ. വി. സബ്സ്റ്റേഷൻ കുന്ദമംഗലത്തുണ്ട്. അത് മതിയെന്നുള്ളതായിരുന്നു. അത് സംബന്ധിച്ച് സ്റ്റഡി നടത്തിയപ്പോൾ 110 കെ. വി. സബ്സ്റ്റേഷൻ തന്നെ വേണമെന്ന് തീരുമാനിച്ചു. 110 കെ. വി. സബ്സ്റ്റേഷന്റെ പണി ഒരു വർഷംകൊണ്ട് പൂർത്തിയാക്കാനുള്ള നടപടി കളുമായി ബോർഡ് മുന്നോട്ടു പോകുകയാണ്. അത് പൂർണ്ണമായും നടപ്പിലാക്കും.

(13) ശ്രീകൃഷ്ണപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാരുടെ ഒഴിവുകൾ

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സാമ്പത്തികമായും സാമൂഹ്യമായും വളരെയേറെ പിന്നോക്കം നിൽക്കുന്ന ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ ആരോഗ്യ പരിപാലന രംഗത്ത് നിർണ്ണായകമായ സ്വാധീനം ചെലുത്താൻ കഴിയുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാരില്ലാത്ത അവസ്ഥയുണ്ട്. ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്തിലും സമീപ പഞ്ചായത്തുകളിലുമുള്ള നൂറുകണക്കിന് രോഗികളുടെ ഏക ആശ്രയമായ ശ്രീകൃഷ്ണപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഇപ്പോൾ ഡോക്ടർമാരില്ല. ഡോക്ടർമാരുടെ 3 തസ്തികയുണ്ട്. രണ്ട് ഡോക്ടർമാരുടെ തസ്തിക കഴിഞ്ഞ കുറേ മാസങ്ങളായി ഒഴിഞ്ഞു കിടക്കുകയാണ്. ഒരു ഡോക്ടറുടെ നേതൃത്വത്തിൽ ദിനംപ്രതി 150-നും 200-നും ഇടയ്ക്ക് രോഗികളെ പരിശോധിക്കണം. 18 രോഗികളെ കിടത്തി ചികിൽസിക്കുന്നുണ്ട്. അതുപോലെതന്നെ കേരള വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.സി. വിഭാഗത്തിലെയും ബി.പി.എൽ. വിഭാഗത്തിലെയും 60 വയസ്സ് കഴിഞ്ഞവർക്ക് ജെറിയാട്രിക് ഒ. പി. എല്ലാ വെള്ളിയാഴ്ചയും നടത്തുന്നുണ്ട്. ഇപ്പോൾ ആകെയുള്ള ഒരു ഡോക്ടർ പ്രൊമോഷനായതു കാരണം സ്ഥലം മാറി പോകേണ്ടിവന്നിരിക്കുകയാണ്. ആഴ്ച യിൽ ഒരിക്കൽ അധിക ചുമതലയുള്ള ഡോക്ടർ വന്നു പോകുകയാണ്. പ്രതിരോധ കുത്തിവയ്പുപോലും നടക്കാത്ത അവസ്ഥയാണ് അവിടെയുള്ളത്. എം.എൽ.എ. ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ ഉപയോഗിച്ചുകൊണ്ട് അവിടെ ഒരു ഒ.പി. ബ്ലോക്ക് നിർമ്മിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളെല്ലാം ഒരുക്കിക്കൊടു ത്തിട്ടുണ്ട്. സ്റ്റാഫ് പാറ്റേൺ പൂർത്തിയായിട്ടുണ്ട്; എല്ലാ സൗകര്യങ്ങളുമുണ്ട്. അവിടെ ഡോക്ടർമാരില്ലാത്ത പരിതാപകരമായ അവസ്ഥയാണുള്ളത്. അതു പോലെ പുക്കോട്ടുകാവ് പഞ്ചായത്തിലും കാരാകുറിച്ചി പഞ്ചായത്തിലും സ്ഥിരം ഡോക്ടറില്ലാത്ത അവസ്ഥയാണ്. കടമ്പൂഴപ്പുറം പഞ്ചായത്തിൽ ഏറ്റവും നല്ല, മാതൃകാപരമായി പ്രവർത്തിക്കുന്ന സർക്കാരാശുപത്രിയാണ് നിലവിലുള്ളത്. അവി ടെയും ആവശ്യത്തിന് ഡോക്ടറില്ലാത്ത ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. അവിടെ ഡോക്ടർമാരെ നിയമിച്ചുകൊണ്ട് ഈ അവസ്ഥ പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly